# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3485      14.03.2017-ൽ മറുപടിയ്ക്ക്

**ബഹ്റിൻ ജയിലിൽ തടവിലുള്ള ഷാഹുൽ ഹമീദിന്റെ മോചനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | 2003 ജൂൺ 9 മുതൽ ബഹ്റിൻ ജയിലിൽ ശിക്ഷ അനുഭവിക്കുന്ന ശ്രീ.ഷാഹുൽ ഹമീദ് എന്നയാളുടെ മോചനവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ഭാര്യ തൃശ്ശൂർ ജില്ലയിൽ തോയക്കാവ് പി.ഒ. യിൽ മമ്മസ്രായില്ലത്ത് വീട്ടിൽ ശ്രീമതി സക്കീന ഷാഹുൽ ഹമീദ് സമർപ്പിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീമതി.സക്കീന ഷാഹുൽ ഹമീദ് 01.11.2012-ൽ സമർപ്പിച്ച പരാതിയിന്മേൽ നോർക്ക ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബഹറിനിലുള്ള ഇന്ത്യൻ നയതന്ത്ര കാര്യാലയത്തിന് 07.12.2012-ൽ രേഖാമൂലം കത്തയ്ക്കുകയും, ശ്രീ.ഷാഹുൽ ഹമീദിനെ മോചിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. എന്നാൽ മേൽ വിഷയത്തിൽ ബഹറിനിലെ ഇന്ത്യൻ എംബസിയിൽ നിന്നും മറുപടിയൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ഇക്കാര്യത്തിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ